"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - ഉപഭോക്തൃ ക്ഷേമനിധി കോർപ്പസ് ഫണ്ട് 2024-25 സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കുള്ള ധനസഹായം കൂടുതൽ സ്കൂളുകൾക്ക് അനുവദിക്കുന്നതിന് - ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി തുക വകമാറ്റി ചെലവാക്കുന്നതിന് - അനുമതി നൽകി - ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.**14/2025/CAD** തീയതി,തിരുവനന്തപുരം, **25-03-2025**

---

പരാമർശം:- 1. **12/09/2024** ലെ സ ഉ (സാധാ) . **38/2024**/സി എ ഡി നമ്പർ ഉത്തരവ്

2. പൊതുവിതരണ ഉപഭോക്തൃ കാര്യ കമ്മീഷണറുടെ **09/01/2025** ലെ **CCS/6737/2023- CA2** നമ്പർ കത്ത്

**ഉത്തരവ്**

ഉപഭോക്തൃ ക്ഷേമനിധി കോർപ്പസ് ഫണ്ടിൽ നിന്നും **2024-25** സാമ്പത്തിക വർഷത്തിൽ **73.20** ലക്ഷം രൂപ വിനിയോഗിയ്ക്കുന്നതിനു പരാമർശം **(1)** പ്രകാരം ഭരണാനുമതി നല്കിയിരുന്നു.


സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കു ധനസഹായം നൽകുന്നതിനായി വകയിരുത്തിയിരുന്ന **3.20** ലക്ഷം രൂപ **14** ജില്ലകളിലെയും **32** സ്കൂളുകൾക്കായി അനുവദിച്ചു നൽകിയെന്നും വയനാട്, എറണാകുളം ജില്ലകളിൽ നിന്നും കൂടുതൽ സ്കൂളുകൾക്ക് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ടുവെന്നും വിവിധ ദിനാചരണങ്ങൾ, എക്സിബിഷനുകൾ എന്നിവയ്ക്കായി അനുവദിച്ച **18** ലക്ഷം രൂപയിൽ **10** ലക്ഷത്തോളം രൂപ ബാക്കിയുണ്ടെന്നും അതിനാൽ പരാമർശം **(1)** പ്രകാരം **3456-00-104-99** ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നും ഉപഭോക്തൃ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ കംപോണൻറ് വൈസ് അനുവദിച്ച തുകയിൽ എക്സിബിഷനുകൾ, വിവിധ ദിനാചരണങ്ങൾ, മറ്റ് ഉപഭോക്തൃ ബോധവൽക്കരണ ചടങ്ങുകൾ എന്നിവക്കായി അനുവദിച്ച **18** ലക്ഷം രൂപയിൽ ബാക്കിയുള്ള **10** ലക്ഷം രൂപയിൽ നിന്നും **5** ലക്ഷം രൂപ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കുള്ള ധനസഹായം (നിലവിൽ അനുവദിച്ചത് **3.20** ലക്ഷം രൂപ) എന്നതിലേക്ക് വകമാറ്റി ചെലവാക്കാനുള്ള ഭരണാനുമതി നൽകണമെന്നു സിവിൽ സപ്ലൈസ് **&** ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം(2) പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉപഭോക്തൃ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ എന്ന ശീർഷകത്തിൽ കംപോണൻറ് വൈസ് അനുവദിച്ച തുകയിൽ എക്സിബിഷനുകൾ, വിവിധ ദിനാചരണങ്ങൾ, മറ്റ് ഉപഭോക്തൃ ബോധവൽക്കരണ ചടങ്ങുകൾ എന്നിവക്കായി അനുവദിച്ച 18 ലക്ഷം രൂപയിൽ ബാക്കിയുള്ള 10 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കുള്ള ധനസഹായം എന്ന ഘടകത്തിലേക്ക് വകമാറ്റി ചെലവാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പൊതു വിതരണഉപഭോക്തൃ കാര്യ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ട് ജനറൽ (ഓഡിറ്റ് / എ&ഇ),കേരളം, തിരുവനന്തപുരം
സെക്രട്ടറി & രജിസ്ട്രാർ , സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി(ഫയൽ നം.സിഎ3/13/2025-സിഎഡി)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ